(എ) അടുത്ത അദ്ധ്യയന വർഷത്തിൽ പുതിയസ്കൂളുകൾക്ക് അനുവാദം കൊടുക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എൽ. പി., യു. പി., ഹൈസ്കൂളുകൾ എത്ര വീതം തുടങ്ങണമെന്നാണ് നിശ്ചയിച്ചിട്ടുള്ളത് ;

(സി) പുതുതായി തുടങ്ങുന്ന സ്കൂളുകൾക്ക് വേണ്ടിവരുന്ന കൂടുതൽ ചെലവ് എത്ര എന്നു കണക്കാക്കിയിട്ടുണ്ടോ;

(ഡി) സ്കൂൾ അനുവദിക്കുമ്പോൾ പഞ്ചായത്തുകളുടെ അപേക്ഷകൾക്ക് മുൻഗണന നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ഉണ്ട്.

(ബി, സി) തീരുമാനിച്ചിട്ടില്ല.

(ഡി) പഞ്ചായത്തുകളിൽനിന്നു ലഭിക്കുന്ന അപേക്ഷകളും പരിഗണിക്കുന്നതാണ്.

മരണപ്പെടുന്ന നോൺ ഗസറ്റഡ് ജീവനക്കാരുടെ കുടുംബങ്ങൾക്ക് നൽകുന്ന സാമ്പത്തിക സഹായം

✻ 29. [12] ശ്രീ. പി. മാധവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവു മറുപടി നൽകുമോ :

(എ) ഉദ്യോഗത്തിലിരിക്കുമ്പോൾ മരണപ്പെടുന്ന നോൺ ഗസറ്റഡ് ഗവണ്മെന്റ് ജീവനക്കാരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുവാനുള്ള ഒരു പദ്ധതി ഗവണ്മെന്റ് അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണ്?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ഉണ്ട്.

(ബി) സ്ഥിര ലാവണമുള്ള ഒരു നോൺ ഗസറ്റഡ് ജീവനക്കാരൻ സർവ്വീസിൽ ഇരിക്കവേ മരിക്കുന്ന പക്ഷം അയാളുടെ കുടുംബത്തിനു കേരള സർവ്വീസ് റൂൾ അനുസരിച്ചുള്ള ഫാമിലി പെൻഷനും ഗ്രാറ്റുവിറ്റി (death-cum-retirement gratuity) യും അർഹതയുണ്ട്. കൂടാതെ സ്ഥിര ലാവണമുണ്ടോ എന്ന പരിഗണനയില്ലാതെ സാമ്പത്തിക സഹായം അർഹിക്കുന്ന പക്ഷം മരിച്ചുപോയ എൻ. ജി. ഓ.യുടെ രണ്ടു മാസത്തെ അടിസ്ഥാന ശമ്പളത്തിനു തുല്യമായ (ഇരുന്നൂറു രൂപയിൽ കവിയാത്ത) ഒരു തുക, അടിയന്തിരമായ ചെലവുകൾക്കുവേണ്ടി പരേതന്റെ കുടുംബത്തിനു ഉടൻ നൽകാനും ഇപ്പോൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ തുക അവർക്കു പിന്നീടു ലഭിക്കാവുന്ന ഗ്രാറ്റുവിറ്റി, പ്രോവിഡണ്ടു ഫണ്ടു തുടങ്ങിയ ഇനങ്ങളിൽനിന്നു വസൂൽ ചെയ്യുന്നതാണ്.

ഈ ആശ്വാസ നടപടിയുടെ വിശദാംശങ്ങൾ അടങ്ങിയ ഉത്തരവിന്റെ പകർപ്പു മേശപ്പുറത്തുവച്ചിട്ടുണ്ട്. †

Fourth Five Year Plan

✻ 30. [15] **Shri D. Damodaran Potti**: Will the Chief Minister be pleased to state:

(a) whether this Government have formulated proposals for the Fourth Five Year Plan and sent them to the Planning Commission;

(b) whether any discussion in this regard was held with the Planning Commission;

(c) what is the expected outlay under each head and the total outlay?

† Appendix IV

LIBRARY ARCHIVES Kerala Legislative Assembly

Cheif Minister (**Shri R. Sankar**)

(a) No.
(b) Does not arise.
(c) Does not arise.

മോട്ടോർ വാഹന അപകടങ്ങൾ

* 31. [23] ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1963 ഡിസംബർ 31—ാം തീയതി വരെ തീർപ്പ് കൽപ്പിക്കാതെ കിടക്കുന്ന എത്ര മോട്ടോർ വാഹന അപകട നഷ്ടപരിഹാര അപേക്ഷകളുണ്ട്;

(ബി) മേൽ തീയതിക്ക് pending അപേക്ഷകളുള്ളതു് ജില്ലാടിസ്ഥാനത്തിൽ എത്രയാണെന്നും ഓരോ അപേക്ഷയും എത്ര കാലത്തെ പഴക്കമുണ്ടെന്നും പറയുവാൻ ദയവുണ്ടാകുമോ;

(സി) 1963 ഡിസംബർ 31-ാം തീയതിവരെയുള്ള കഴിഞ്ഞ 3 കൊല്ലത്തിനിടയ്ക്ക് നഷ്ടപരിഹാരത്തിനു് ലഭിച്ച അപേക്ഷകളിൽ, കണ്ണൂർ, കോഴിക്കോട്ട്, പാലക്കാട് ജില്ലകളിൽനിന്നു് എത്ര അപേക്ഷകൾ വീതം തീരുമാനമെടുത്തു് കോമ്പൻസേഷൻ നൽകിയിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) 1314.

(ബി) ജില്ലാ അടിസ്ഥാനത്തിലുള്ള അപേക്ഷകളുടെ കണക്ക് സൂക്ഷിച്ചിട്ടില്ല. ഇത്തരത്തിലുള്ള ഒരു സ്റ്റേറ്റുമെൻറ് ഉണ്ടാക്കിക്കൊണ്ടിരിക്കയാണു്. പൂർത്തിയായാലുടനെ മേശപ്പുറത്തു വയ്ക്കുന്നതാണു്.

(സി) 1961, 62, 63 എന്നീ വർഷങ്ങളിൽ കണ്ണൂർ, കോഴിക്കോട്ട്, പാലക്കാട് എന്നീ ജില്ലകളിൽ കോമ്പൻസേഷൻ നൽകിയ അപേക്ഷകളുടെ എണ്ണം താഴെ ചേർക്കുന്നു.

വർഷം	കണ്ണൂർ	കോഴിക്കോട്	പാലക്കാട്
1961	1	1	2
1962	3	2	5
1963	15	12	13

പേ കമ്മീഷൻ

* 32. [28] ശ്രീ. പാറയിൽ ഷംസുദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പേ കമ്മീഷൻ നിയമിച്ചതെന്നാണു്;

(ബി) അടുത്ത പേ കമ്മീഷൻ എന്നു നിയമിക്കും?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) 1957 സെപ്തമ്പർ 4—ാംതീയതി.

(ബി) ഇക്കാര്യം ഇതുവരെ ആലോചിച്ചിട്ടില്ല.

നാലാം പഞ്ചവത്സരപദ്ധതിയുടെ രൂപരേഖ.

* 33. [32] ശ്രീ. കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാലാം പഞ്ചവത്സരപദ്ധതിക്കുള്ള രൂപരേഖ തയ്യാറാക്കുന്ന കാര്യത്തിൽ ഈ ഗവണ്മെൻറ് കൈക്കൊണ്ട നടപടികളും എന്തെല്ലാമാണു് ;

(ബി) ഈ കാര്യത്തിൽ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് രൂപീകരിച്ച് അതിൻെറ ഉപദേശം നേടാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ ബോർഡിൻെറ രൂപീകരണത്തിൽ കാലതാമസം വരുത്തുന്നതെന്തുകൊണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly